# Commission for Evangelization and Pastoral Care of the Migrants

## Syro-Malabar Major Archiepiscopal Church

Bishop Sebastian Vadakel, MST (Chairman)
Fr. Shaji Abraham Kochupurayil, MCBS (Secretary)
Archbishop Mathew Moolakkattu, OSB (Member)
Bishop Mathew Arackal (Member)

Prot. No. 0257/2015



# ഈസ്റ്റർ ആശംസകൾ - 2015

ഉത്ഥിതനായ ഈശോയിൽ പ്രിയ വൈദീകരെ, സിസ്റ്റേഴ്സ്, സഹോദരീസഹോദരന്മാരെ,

സുവിശേഷവത്കരണത്തിനും പ്രവാസികളുടെ അജപാലനത്തിനുമായുള്ള സീറോമലബാർക്കമ്മീഷന്റെ ഈസ്റ്റർ ആശംസകൾ ഏവർക്കും ഏറ്റവും സ്നേഹപൂർവ്വം നേരുന്നു.
ക്രിസ്തീയജീവിതത്തിന്റെ കേന്ദ്രമാണല്ലോ ഈശോയുടെ ഉത്ഥാനം. തിന്മയുടേയും മരണത്തിന്റേയുംമേൽ വിജയം വരിച്ച ഈശോ നിത്യം നമ്മോടൊത്ത് ജീവിക്കുന്നുവെന്ന് ഉത്ഥാനം നമ്മെ ഓർമ്മപ്പെടുത്തുന്നു. തിന്മയുടെമേൽ അവിടുന്ന് വിജയം വരിച്ചത് നന്മകൊണ്ടാണ്, മരണത്തെ ജയിച്ചത് സ്വന്തം മരണത്തിലൂടെയാണ്. ഈ ലോകത്തിന്റെമേൽ അവിടുന്ന് വിജയിച്ചത് തന്റെ അത്ഭുതശക്തിയും അധികാരവും പ്രകടിപ്പിച്ചുകൊണ്ടല്ല, മറിച്ച് മറ്റുള്ളവരെ ശുശ്രൂഷിച്ചുകൊണ്ടാണ്, അവരുടെ കാലുകൾ കഴുകികൊണ്ടാണ്. അവിടുന്ന് എല്ലാവരേയും സ്നേഹിച്ചു, അവസാനം വരെ സ്നേഹിച്ചു. തന്റെ ജീവനു വിലപറഞ്ഞവരേയും ദൗത്യത്തിന്റെ വഴികളിൽ തടസ്സമായി നിന്നവരേയും അവൻ സ്നേഹിച്ചു. സ്വയം ബലിയായി സമർപ്പിച്ച അവിടുത്തെ നിസ്സീമമായ സ്നേഹത്തിനു മുൻപിൽ ലോകം അതിന്റെ മുട്ടുകൾ മടക്കി. പൗലോസ് ശ്ലീഹാ ഫിലിപ്പിയർക്ക് എഴുതുന്നു: "യേശു ക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കികൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ - അതെ കുരിശുമരണംവരെ - അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നൽകുകയും ചെയ്തു. ഇത്, യേശുവിന്റെ നാമത്തിനു മുമ്പിൽ സ്വർഗ്ഗത്തിലും ഭൂമിയിലും പാതാളത്തിലുമുള്ള സകലരും മുട്ടുകൾ മടക്കുന്നതിനും, യേശുക്രിസ്തു കർത്താവാണെന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി എല്ലാ നാവുകളും ഏറ്റു പറയുന്നതിനും വേണ്ടിയാണ്." (ഫിലി. 2: 5-11)

ഉത്ഥിതനായ ഈശോയോടൊപ്പം എല്ലാ മനുഷ്യരേയും - നമ്മുടെ പക്ഷം നിൽക്കുന്നവരേയും നമുക്ക് എതിരു നിൽക്കുന്നവരേയും - സ്നേഹിക്കുവാൻ നാമും വിളിക്കപ്പെട്ടിരിക്കുന്നു. നാം ഉയിർപ്പിന്റെ മക്കളായി ജീവിക്കണം. തിൻമയേയും മരണത്തേയും ത്യാഗപൂർണ്ണമായ സ്വയം ദാനത്തിലൂടെ കീഴടക്കണം. ഈ ലോകത്തേയും ഈ ലോകത്തിലെ നമ്മുടെ എല്ലാ സഹോദരീസഹോദരന്മാരേയും ബലി ജീവിതത്തിലൂടെ നാം നേടണം. നമ്മുടെ കുടുംബങ്ങളിലും സമൂഹങ്ങളിലും ആധുനികലോകത്തിലും ഈ സന്ദേശം നമുക്കു ജീവിക്കാം. യഥാർത്ഥവും നിലനിൽക്കുന്നതുമായ സമാധാനം നമുക്കും നാം വസിക്കുന്ന ഈ ലോകത്തിനും കരഗതമാകുവാൻ ഉത്ഥാനത്തിൽ എത്തിനിൽക്കുന്ന ഈശോയുടെ കുരിശിന്റെ സന്ദേശം നമുക്കു സ്വീകരിക്കാം. അതുവഴിയായി ഈശോയുടെ ഉത്ഥാനം നമുക്കും സ്വന്തമാക്കാം.

നമ്മുടെ ഈസ്റ്റർ ആശംസകളും ആഘോഷങ്ങളും ഈശോയുടെ സമാധാനത്തിന്റെ സന്ദേശം ഈ ലോകത്തിന് പ്രദാനം ചെയ്യട്ടെയെന്ന് ആശംസിച്ചുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവ്വം,

Svadakel

മാർ സെബാസ്റ്റ്യൻ വടക്കേൽ
സുവിശേഷവത്കരണത്തിനും പ്രവാസികളുടെ അജപാലനത്തിനുമായുള്ള സീറോമലബാർ കമ്മീഷൻ ചെയർമാൻ